"ഭരണഭാഷ — മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് — ആരോഗ്യ വകുപ്പ് — ജീവനക്കാര്യം — ആലപ്പുഴ ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് — 2 ആയി ജോലി ചെയ്യുന്ന ശ്രീമതി അജിത ടി.യ്ക്ക് അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, ചട്ടത്തിൽ ഇളവു നൽകി എറണാകുളം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.283/2022/H&FWD തീയതി, തിരുവനന്തപുരം, 15-12-2022

പരാമർശം:— 
1. 02.12.1991ലെ സ.ഉ (അച്ചടി) നം.36/91/ഉ.ഭ.പ.വ
2. ശ്രീമതി അജിത ടി. സമർപ്പിച്ച 2.11.2021 തീയതിയിലെ നിവേദനം.
3. ആലപ്പുഴ ജില്ലാ കളക്ടറുടെ 18.01.2022 തീയതിയിലെ DCALP/560/2022-N5 നമ്പർ കത്ത്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 31.01.202, 22.08.2022 തീയതികളിലെ ഇഇ1-86451/2021/ആവഡ നമ്പർ കത്ത്.
5. എറണാകുളം ജില്ലാ കളക്ടറുടെ 31.07.2022 തീയതിയിലെ DCEKM/6058/2022-A6 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 12.03.2021-ൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് — 2 ആയി ജോലിയിൽ പ്രവേശിച്ച ശ്രീമതി.അജിത ടി, ടിയാരിയുടെ ഒന്നര വയസുള്ള മകൻ Tuberous Sclerosis എന്ന രോഗത്തിന് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിൽ ചികിത്സയിലാണെന്നും, കുട്ടിയുടെ ചികിത്സാർത്ഥം തന്റെ അപേക്ഷ അനുകമ്പാപൂർവ്വം പരിഗണിച്ച് എറണാകുളം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. ശ്രീമതി.അജിത ടി. യുടെ മകൻ, ന്യൂറോളജി സംബന്ധമായ അസുഖത്തെത്തുടർന്ന് എറണാകുളം അമൃത ആശുപത്രിയിൽ ചികിത്സയിലാണെന്നും, കുട്ടിയുടെ പരിചരണത്തിന് ടിയാരിയുടെ സാമീപ്യം വളരെ അത്യാവശ്യമാണെന്നും, വിദഗ്ധ ചികിത്സ ആവശ്യമായതിനാൽ ടിയാരിയുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും ആലപ്പുഴ, എറണാകുളം ജില്ലാ കളക്ടർമാർ യഥാക്രമം പരാമർശം (3), (5) കത്തുകൾ പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടറും ടിയാരിയുടെ അപേക്ഷ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

3. ശ്രീമതി അജിത ടി, 12.03.2021-ൽ ആണ് നഴ്സിംഗ് ഓഫീസർ ഗ്രേഡ്-2 ആയി ആലപ്പുഴ ജില്ലയിൽ ജോലിയിൽ പ്രവേശിച്ചത്. ടിയാൾ മാതൃജില്ലയിൽ അഞ്ച് വർഷം പൂർത്തിയാക്കിയിട്ടില്ല. പരാമർശം(1) ഉത്തരവിലെ ഖണ്ഡിക 4(1) പ്രകാരം മാതൃ ജില്ലയിൽ അഞ്ച് വർഷം സേവനം പൂർത്തിയാക്കിയവർക്ക് മാത്രമേ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് — 2 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.അജിത ടി യ്ക്ക്, അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, പരാമർശം(1) ഉത്തരവിലെ ഖണ്ഡിക 4(1) ലെ വ്യവസ്ഥയിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച് എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി അജിത ടി., നഴ്സിംഗ് ഓഫീസർ ഗ്രേഡ് — 2, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ജില്ലാ മെഡിക്കൽ ഓഫീസർ, ആലപ്പുഴ
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ജില്ലാ മെഡിക്കൽ ഓഫീസർ, എറണാകുളം
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
സൂപ്രണ്ട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം.1243)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വിവര-പൊതുജന സമ്പർക്ക വകുപ്പ്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Muraleedharan Chettiyar
Date: 15-12-2022 21:31:08
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹുമാനപ്പെട്ട ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-12-2022

ഫയൽ നം. സി3/15/2022/ആ.കു.വ. ഇനം നം: 1243

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ആലപ്പുഴ ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ്-2 ആയി ജോലി ചെയ്യുന്ന ശ്രീമതി. അജിത.ടി-യ്ക്ക് അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, ചട്ടങ്ങളിൽ ഇളവു നൽകി എറണാകുളം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.,

14/12

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | C3/15/2022/H&FWD |
| 2. | Department | : | Health & Family Welfare (C) Department |
| 3. | Subject | : | Inter District Transfer to Smt.Ajitha.T, Nursing Officer Grade II, Women & Child Hospital , Alappuzha District to Ernakulam District on compassionate grounds, in relaxation of the existing rules for Inter District Transfer – Reg. |
| 4. | Date of Chief Minister's order for placing before the Council | : | 05/11/2022 |
| 5. | (i) Does the case involve financial commitments/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | : | No<br><br>Not applicable |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Sri. Sreejith .V.P |
| 8. | Name of Principal Secretary who approved the Draft Note | : | Smt.Tinku Biswal |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 28.11.2022 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. V.P. Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | : | 03.12.2022 |
| 12. | Name of Minister who approved the Draft Note | : | Smt.Veena George |
| 13. | Date of approval of the Draft Note for the Council by the Minister | : | 04.12.2022 |
| 14. | Date of Submission of fair copies | : | 06.12.2022 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O./letter communicating the decision | : | |

## NOTE FOR THE COUNCIL OF MINISTERS

This note for Council of Ministers deals with the request for Inter District Transfer in respect of Smt. Ajitha.T , Nursing Officer Grade II, Women & Child Hospital, Alappuzha District to Ernakulam District on compassionate grounds, in relaxation of the existing rules for Inter District Transfer.

2. Smt. Ajitha.T joined service as Nursing Officer Grade II, Women & Child Hospital, Alappuzha on 12.03.2021. She has submitted a representation requesting to grant her Inter-District Transfer to Ernakulam district on compassionate grounds since her son aged 1.5 years has been diagnosed with Tuberous Sclerosis and is undergoing treatment at Amrita Hospital, Ernakulam.

3.The request of Smt. Ajitha.T was examined with reference to the report of District Collectors, Ernakulam, Alappuzha and Director of Health Services. The District Collectors reported that as Smt.Ajitha's son is undergoing treatment for neurological disease in Amrita Hospital, Ernakulam and her presence is inevitable for taking care of the child, her application may be considered on compassionate grounds and recommended to consider her request for Inter District Transfer. The Director of Health Services has also recommended and forwarded her application.

4. Smt. Ajitha.T joined service as Nursing Officer Grade II, in Alappuzha district on 12.03.2021. She has not completed five years of service in the district of recruitment. As per para 4(i) of GO(P) No.36/91/P&ARD Dated 02.12.1991, Inter District Transfer can be allowed only after completion of 5 years of service in the district of appointment.

5. The Director of Health Services has recommended the application for Inter District Transfer of the applicant on compassionate grounds considering

the ongoing treatment of her child in Amrita Hospital, Ernakulam. To grant Inter District Transfer in relaxation of the existing provisions, approval of the Council of Ministers is essential. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Point for Decision**

Whether Smt. Ajitha.T, Nursing Officer Grade II, Woman & Child Hospital, Alappuzha District may be granted Inter District Transfer to Ernakulam District on compassionate grounds, as a special case, in relaxation of the provisions in para 4(i) of GO(P) No. 36/91/P&ARD dated 02.12.1991 and orders may be issued?

1243

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.സി3/15/2022/ആ.കു.വ |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ് |
| 3 | വിഷയം | | ആ.കു.വ – ആലപ്പുഴ ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് – 2 ആയി ജോലി ചെയ്യുന്ന ശ്രീമതി.അജിത.ടി-യ്ക്ക് അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, ചട്ടങ്ങളിൽ ഇളവ് നൽകി എറണാകുളം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05/11/2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഇല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ബാധകമല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ശ്രീജിത്ത്.വി.പി |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി. | : | 28.11.2022 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ . വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.12.2022 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.12.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06.12.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ആലപ്പുഴ ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് – 2 ആയി ജോലി ചെയ്യുന്ന ശ്രീമതി.അജിത.ടി –യ്ക്ക് അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, ചട്ടത്തിൽ ഇളവു നൽകി എറണാകുളം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി. അജിത.ടി, ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് – 2 ആയി 12.03.2021– ൽ ജോലിയിൽ പ്രവേശിച്ചു. ടിയാരിയുടെ ഒന്നര വയസുള്ള മകൻ Tuberous Sclerosis എന്ന രോഗത്തിന് എറണാകുളം അമൃത ആശുപത്രിയിൽ ചികിത്സയിലാണെന്നും, ടിയാന്റെ ചികിത്സാർത്ഥം തന്റെ അപേക്ഷ അനുകമ്പാപൂർവ്വം പരിഗണിച്ചു എറണാകുളം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകണമെന്നും ആവശ്യപ്പെട്ട് ടിയാരി നിവേദനം സമർപ്പിച്ചിരിക്കുന്നു.

3. ശ്രീമതി അജിത.ടി. സമർപ്പിച്ച നിവേദനം എറണാകുളം, ആലപ്പുഴ ജില്ലാ കളക്ടർമാർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ശ്രീമതി.അജിത.ടി – യുടെ മകൻ, ന്യൂറോളജി സംബന്ധമായ അസുഖത്തെത്തുടർന്ന് എറണാകുളം അമൃത ആശുപത്രിയിൽ ചികിത്സയിലാണെന്നും , കുട്ടിയുടെ പരിചരണത്തിന് ടിയാരിയുടെ സാമീപ്യം വളരെ അത്യാവശ്യമാണെന്നും, വിദഗ്ധ ചികിത്സ ആവശ്യമായതിനാൽ ടിയാരിയുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും എറണാകുളം, ആലപ്പുഴ ജില്ലാ കളക്ടർമാർ ശിപാർശ ചെയ്യുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടറും ടിയാരിയുടെ അപേക്ഷ ശിപാർശ ചെയ്തു അയച്ചു തന്നിട്ടുണ്ട് .

4. ശ്രീമതി അജിത.ടി, 12.03.2021–ൽ ആണ് നഴ്സിംഗ് ഓഫീസർ ഗ്രേഡ്–2 ആയി ആലപ്പുഴ ജില്ലയിൽ ജോലിയിൽ പ്രവേശിച്ചത്. ടിയാൾ മാതൃജില്ലയിൽ അഞ്ച് വർഷം പൂർത്തിയാക്കിയിട്ടില്ല. 02.12.1991–ലെ സ.ഉ

(അച്ചടി) നം.36/91/ഉ.ഭ.പ.വ ഉത്തരവിലെ ഖണ്ഡിക 4(i) പ്രകാരം മാതൃ ജില്ലയിൽ അഞ്ച് വർഷം സേവനം പൂർത്തിയാക്കിയവർക്ക് മാത്രമേ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ.

5. എറണാകുളം അമൃത ആശുപത്രിയിൽ നടന്നു വരുന്ന, കുഞ്ഞിന്റെ ചികിത്സ പരിഗണിച്ച് എറണാകുളം ജില്ലയിലേക്കുള്ള ടിയാരിയുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമുണ്ട്. ഇക്കാര്യം മന്ത്രിസഭ മുമ്പാകെ തീരുമാനത്തിനായി സമർപ്പിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

ആലപ്പുഴ ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് – 2 ആയി ജോലി ചെയ്യുന്ന ശ്രീമതി അജിത.ടി-യ്ക്ക്, അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, 02.12.1991-ലെ സ.ഉ (അച്ചടി) നം.36/91/ഉ.ഭ.പ.വ ഉത്തരവിലെ ഖണ്ഡിക 4(i) ലെ വ്യവസ്ഥയിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, എറണാകുളം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ ?